പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## നാലാമത് റിപ്പോർട്ട്

[സഹകരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

966/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 10 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021 - 2023)

## ഘടന

<u>അദ്ധ്യക്ഷ:</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുജനങ്ങളുമായി ഏറെ ബന്ധപ്പെട്ട സഹകരണ വകുപ്പിനെ സംബന്ധിച്ച് പഠനം നടത്താൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. വകുപ്പിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും 25-7-2018-ൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സമിതി നടത്തിയ തെളിവെടുപ്പ് ചർച്ചയുടെയും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം 12-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

# റിപ്പോർട്ട്

ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സമസ്തമേഖലകളിലെയും ജനങ്ങളുടെ പങ്കാളിത്തം സാധ്യമാക്കുന്ന സംവിധാനമാണ് സഹകരണ പ്രസ്ഥാനങ്ങൾ. സഹകരണ പ്രസ്ഥാനങ്ങളുടെ വളർച്ചയുടെ നാൾവഴികൾ പരിശോധിക്കുമ്പോൾ, 1904-ലെ സഹകരണ സംഘം നിയമം ഈ രംഗത്തെ ആദ്യത്തെ സമഗ്ര നിയമമായി വിലയിരുത്തപ്പെടുന്നു. പ്രസ്തുത നിയമത്തിന്റെ പരിഷ്കരിച്ച നിയമവും പ്രവിശ്യാ വിഭാഗങ്ങൾക്ക് പ്രത്യേകമായ നിയമങ്ങളും തുടർന്നും നിലനിന്നിരുന്നു. 1969-ലെ കേരള സഹകരണ നിയമം സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ത്വരിതഗതിയിലാക്കി.

2. നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് സഹകരണ മേഖല. സ്വാതന്ത്ര്യാനന്തര കാലത്ത് നടപ്പിലായ പഞ്ചവത്സര പദ്ധതികളിൽ സഹകരണ മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകപ്പെട്ടു. രാജ്യത്തെ കർഷകരുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സഹകരണ മേഖല പ്രദാനം ചെയ്യുന്ന സേവനങ്ങൾ നിസ്തുലമാണ്. ഹരിത, ധവള വിപ്ലവങ്ങളുടെ വിജയത്തിനു പിന്നിൽ മുഖ്യ ചാലകശക്തിയായി വർത്തിച്ചത് സഹകരണ മേഖലയാണ്.

3. ഇന്ത്യയിലെ തന്നെ ഏറ്റവും ശക്തമായ സഹകരണ മേഖലയാണ് കേരളത്തിലേത്. മറ്റേതു സംസ്ഥാനത്തെ അപേക്ഷിച്ചും കൂടുതൽ നിക്ഷേപവും വായ്പയും ഇടപാടുകാരും ഓഹരിയുടമകളും അടങ്ങുന്നതാണ് കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല. ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നു എന്നതാണ് കേരളത്തിലെ സഹകരണ മേഖലയെ വ്യത്യസ്തവും ജനകീയവുമാക്കുന്നത്. കേരളം സഹകരണ മേഖലയിലും ലോകത്തിന് മാതൃകയാണ്. കർഷക സംഘങ്ങൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളി സംഘങ്ങൾ, കാർഷിക ബാങ്കുകൾ, കൃഷിയുമായി ബന്ധപ്പെട്ടുള്ള മറ്റ് സഹകരണ സംഘങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾ എന്നിവയെല്ലാം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നത് നമ്മുടെ സഹകരണ മേഖലയുടെ കരുത്ത് വിളിച്ചോതുന്നു.

4. ഇന്ത്യൻ ഭരണഘടന പ്രകാരം സംസ്ഥാന പട്ടികയിലാണ് സഹകരണ സംഘങ്ങൾ. ഒരു സംസ്ഥാനത്തിനുള്ളിൽ മാത്രം ഒതുങ്ങുന്ന സഹകരണ സംഘങ്ങളെ സംബന്ധിച്ച നിയമമുണ്ടാക്കാൻ അതത് നിയമസഭകൾക്കും, ഒന്നിലധികം സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമുള്ള സഹകരണ സംഘങ്ങൾക്കായി നിയമമുണ്ടാക്കാനുള്ള അധികാരം പാർലമെന്റിലും നിക്ഷിപ്തമായിരിക്കുന്നു. സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ വിതരണ സഹകരണ സംഘങ്ങൾ വഴിയാണ് സഹകരണ മേഖലയിലെ നിക്ഷേപം പ്രധാനമായും സ്വരൂപിക്കുന്നത്. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെ

പ്രവർത്തന ഉത്തരവാദിത്തം സംസ്ഥാന സഹകരണ സൊസൈറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്നു. കേരള ബാങ്കിന്റെ രൂപീകരണത്തോടെ, സർവ്വീസ് സഹകരണ ബാങ്കുകൾ ഒഴിച്ചുള്ള സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് ഇൻസ്പെക്ഷൻ/ ഓഡിറ്റ്, ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം നബാർഡ് മുഖാന്തരം നടത്തി വരുന്നു.

5. പ്രാഥമിക സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നീ ത്രിതല സംവിധാനത്തിൽ പ്രവർത്തിച്ചിരുന്ന സംവിധാനത്തിലെ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചാണ് കേരള ബാങ്ക് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയിലും നടത്തിപ്പിലെ സുതാര്യതയിലും വിശ്വാസ്യതയിലും സാമൂഹ്യ പ്രതിബദ്ധതയിലും വേറിട്ട പ്രവർത്തനങ്ങളും ശൈലിയുമാണ് സഹകരണ ബാങ്കുകളിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത്. അതിനായി പൊതു-സ്വകാര്യ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി ലളിതവും സുതാര്യവുമായ ശൈലിയിലുള്ള സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

6. സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥന XXVII-ന്റെ 2425, 4425, 6425 എന്നീ മേജർ ഹെഡുകളുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനങ്ങളും സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി (2011-2014) തീരുമാനിച്ചതിനെത്തുടർന്ന് വകുപ്പിൽ നിന്നും വിവരശേഖരണം നടത്തുകയും ആയതിന്റെ അപഗ്രഥനത്തിനായി 25-7-2018-ന് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും അധികവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. സഹകരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം വിലയിരുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിനുമായി എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പിന്റെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

7. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, കേരള ബാങ്ക്, വിപണന-സംസ്കരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സഹകരണ ആശുപത്രികൾ, ബന്ധപ്പെട്ട ഫെഡറേഷനുകൾ, അപ്പെക്സ് സ്ഥാപനങ്ങൾ, സ്വയംതൊഴിൽ കണ്ടെത്തുന്നതിന് രൂപീകൃതമായ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾക്കും തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതികൾക്കും, സംസ്ഥാന സഹകരണ യൂണിയൻ, സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയ്ക്കും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സഹകരണ

അക്കാഡമിക്കും ധനസഹായം നൽകുന്നതിനും, ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന്, സഹായം, സഹകരണ പ്രചാരണം, നബാർഡിന്റെ 'RIDF' പദ്ധതി, സഹകരണ വകുപ്പിൽ പരിശീലനം, മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം എന്നീ പദ്ധതികൾക്കും നെല്ല്, നാളികേര കർഷകരെ സഹായിക്കുന്നതിനും ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ പലിശരഹിത വായ്പ നൽകുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ സ്ഥാപനങ്ങൾക്ക് പശ്ചാത്തല വികസനത്തിനായുള്ള ധനസഹായം, സഹകരണ വകുപ്പിന്റെ നടത്തിപ്പിനുള്ള ചെലവ് എന്നിവ ഉൾക്കൊള്ളുന്നതാണ് സഹകരണ വകുപ്പിന്റെ പ്രവർത്തനവും ചെലവുകളും. സഹകരണ വകുപ്പിന്റെ 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവ്-ചെലവ് കണക്കുകൾ വകുപ്പിൽ നിന്നും ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.

8. മരുന്ന് വിപണിയിലെ വൻകൊള്ള പരിഹരിക്കുന്നതിനും മരുന്നുവില നിയന്ത്രിക്കുന്നതിനുമായാണ് 1997-ൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചതെന്നും അവയിലൂടെ MRP-യിൽ നിന്നും 14 മുതൽ 70 ശതമാനം വരെ വിലക്കുറവിലാണ് ഉപഭോക്താക്കൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ, പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതുമായ എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളിലേക്കും ആവശ്യമായ മരുന്നുകൾ നിലവിൽ കൺസ്യൂമർ ഫെഡാണ് നേരിട്ട് ഉൽപ്പാദകരിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്തു വരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. **എന്നാൽ നീതി മെഡിക്കൽ സ്റ്റോറുകൾ വഴി അവശ്യ ഔഷധങ്ങൾ പലപ്പോഴും ലഭ്യമാകുന്നില്ലെന്ന് നിരീക്ഷിച്ച സമിതി, നീതി മെഡിക്കൽ സ്റ്റോറുകളിൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

9. മിക്ക നീതി മെഡിക്കൽ സ്റ്റോറുകളുടെയും പ്രവർത്തനസമയം പകൽ സമയത്തേക്ക് പരിമിതപ്പെടുത്തുന്നതിനാൽ രാത്രികാലങ്ങളിൽ അടിയന്തര വൈദ്യ സഹായം ആവശ്യമാകുന്നവർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കണമെന്നും താലൂക്ക്, ജില്ലാ ആസ്ഥാനങ്ങളിലെ പ്രധാന ആശുപത്രികളുടെ പരിസരത്ത് പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ മരുന്നുകൾ ലഭ്യമാണെന്നും ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

10. നബാർഡ് ഫണ്ട് ഉപയോഗിച്ച് 'കിസാൻ സമൃദ്ധി ' പദ്ധതി പ്രകാരം 8.5% പലിശ നിരക്കിൽ പശുവിനെ വാങ്ങുന്നതിന് ക്ഷീര കർഷകർക്ക് വായ്പ നല്കുന്നതായും പ്രസ്തുത വായ്പയുടെ ഉയർന്ന പലിശ നിരക്ക് ക്ഷീര കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. **പശു വളർത്തൽ കൃഷിയുടെ ഭാഗമായി പരിഗണിച്ച് കാർഷിക വായ്പയിൽ ഉൾപ്പെടുത്തി 4% പലിശ നിരക്കിൽ വായ്പ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

11. പല എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളുടെയും പ്രവർത്തനം നിലച്ചിരിക്കുകയാണെന്ന് സമിതി നിരീക്ഷിക്കുന്നു. **ആയവയുടെ നവീകരണത്തിനായി 'പുനർജ്ജനി' എന്ന പദ്ധതി കാര്യക്ഷമമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

12. സഹകരണ മേഖല കാർഷിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ വിലയിരുത്തിയ സമിതി, **നെല്ലുൽപ്പാദന വിതരണ സഹകരണ സംഘത്തിന്റെ പ്രവർത്തനം സംസ്ഥാനത്താകെ വ്യാപിപ്പിക്കണമെന്നും കാർഷിക വിളവുകൾ ഉല്പാദിപ്പിക്കുന്ന കർഷകർക്ക് ന്യായവില ലഭിയ്ക്കാതെ പോകുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി മൂല്യവർദ്ധിത വസ്തുക്കളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകണമെന്നും ശിപാർശ ചെയ്യുന്നു.**

13. യുവജനങ്ങൾക്കായുള്ള 'യുവജന സഹകരണ സംഘങ്ങൾ' എന്ന പദ്ധതിയിൻ കീഴിലുള്ള വൈവിധ്യമാർന്ന സഹകരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ ഉതകുന്ന തരത്തിലുള്ള യുവജന ഇടപെടൽ ഉണ്ടാക്കുവാൻ വളരെ സഹായകരമാണ്. യുവശക്തി നാടിന് വേണ്ടി, വിശിഷ്യാ സ്വന്തം പ്രദേശത്തിനു വേണ്ടി ഉപയോഗിക്കുമ്പോൾ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമെന്നതിനാൽ വരുംകാലങ്ങളിൽ കേരളത്തിന്റെ വികസനത്തിൽ യുവജന സഹകരണ സംഘങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

14. ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിൽ സഹകരണ മേഖലയ്ക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. **മാലിന്യരഹിത കേരളം പോലുള്ള ആശയങ്ങൾ നടപ്പാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി ആവശ്യമായ പ്രവൃത്തികളിൽ ഏർപ്പെടണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിനോദസഞ്ചാര മേഖലയിൽ താല്പര്യമുള്ള സംരംഭകർക്കും യുവജനങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിച്ച് പ്രോത്സാഹനം നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

15. കുടുംബശ്രീ സംരംഭങ്ങളുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ 'മുറ്റത്തെ മുല്ല്' പോലെ മിതമായ പലിശ നിരക്കിൽ (9%) നൽകുന്ന വായ്പകൾ സമിതി നിരീക്ഷിക്കുകയും പ്രസ്തുത സംവിധാനത്തിന്റെ സാധ്യത പരമാവധി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനായുള്ള ഇടപെടലുകൾ സഹകരണ മേഖലയിൽ നിന്നുണ്ടാകണമെന്നും ആയതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ കൂടി ആരായാവുന്നതാണെന്നും അഭിപ്രായപ്പെടുകയും ചെയ്യുന്നു.

16. അശരണരും ആലംബഹീനരുമായ സഹകാരികളുടെ ചികിത്സയ്ക്കും രോഗശുശ്രൂഷക്കുമായി പരമാവധി 50,000 രൂപ വരെ സഹായധനമായി നൽകുന്ന 'ആശ്വാസനിധി' പദ്ധതി സഹകാരികൾക്കും ആശ്രിതർക്കും വളരെ പ്രയോജനകരമായ ഒന്നായിരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

17. **വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുക എന്ന പ്രാഥമിക ലക്ഷ്യത്തോട് കൂടിയും അവരുടെ ഉപരിപഠനത്തിന് കൈത്താങ്ങാകുന്നതിനുമായി കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'വിദ്യാനിധി' നിക്ഷേപ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തുവാൻ കുട്ടികളെയും രക്ഷകർത്താക്കളെയും ബോധവൽക്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. ഭവന നിർമ്മാണത്തിനും ആയതിനായി സ്ഥലം വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നുണ്ടെന്നും ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള വായ്പയുടെ പലിശ 14.5% എന്നത് കൂടുതലാണെന്നും സമിതി നിരീക്ഷിക്കുന്നു. **ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള വായ്പയുടെ പലിശ നിരക്ക് കുറയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

19. സഹകരണ മേഖലയ്ക്കായി ബഡ്ജറ്റ് വിഹിതമുള്ളതിൽ വായ്പാ ബാധ്യത തീർപ്പാക്കുന്നത് ഉൾപ്പെടുന്നില്ലായെന്നും നിലവിൽ നൽകി വരുന്ന പലിശ സബ്സിഡി, സ്കീം സബ്സിഡിയാണെന്നും വിലയിരുത്തിയ സമിതി സീസണൽ സബ്സിഡിയായി സഹായമൊന്നും ലഭിക്കുന്നില്ലായെന്ന് നിരീക്ഷിക്കുന്നു. ആയതിനാൽ **വായ്പാ ബാധ്യത തീർപ്പാക്കുന്നതിന് സീസണൽ സബ്സിഡി അനുവദിച്ച് കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വായ്പാ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

20. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തികമാന്ദ്യം പരിഗണിച്ച് കേരള ബാങ്ക് കാർഷിക വായ്പാ പലിശ നിരക്ക് ഏഴിൽ നിന്നും ആറ് ശതമാനമായി കുറച്ചതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുന്നു. **കാർഷിക വായ്പ എഴുതിത്തള്ളിയ വകയിൽ സഹകരണ ബാങ്കുകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള തുക കൃത്യമായ സമയത്ത് ലഭ്യമാകുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

21. നിത്യോപയോഗ സാധനങ്ങളുടെ വിതരണ മേഖലയിൽ സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ ശ്രദ്ധേയമാണ്. കൺസ്യൂമർ ഫെഡ് വഴി കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ നല്കുന്നുണ്ടെങ്കിലും വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പ്രതീക്ഷയ്ക്കൊത്തുയരുന്നില്ലെന്ന് ആക്ഷേപമുണ്ട്. ആയതിനാൽ **കൺസ്യൂമർ ഫെഡ് വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

22. കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്ക് പ്രവർത്തനനഷ്ടം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയത് ഒഴിവാക്കുന്നതിനായി **സഹകരണ സ്റ്റോറുകളിലെ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ഓൺലൈനായി ഓർഡർ ചെയ്യാനും അവ ആവശ്യാനുസരണം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്യാനും കഴിയുന്ന തരത്തിൽ ഇ-കൊമേഴ്സിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

23. സഹകരണ ആശുപത്രികൾ ആതുരസേവന രംഗത്ത് നൽകുന്ന സംഭാവനകൾ വളരെ ശ്ലാഘനീയമാണ്. സഹകരണ മെഡിക്കൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ എന്നിവയുടെ പ്രവർത്തനം ഇതിന് ഉദാഹരണങ്ങളാണ്. എന്നാൽ അവയിൽ പലതിന്റെയും പ്രവർത്തനം നഷ്ടത്തിലാണെന്നതിൽ സമിതി ആശങ്കപ്പെടുന്നു. **സഹകരണ ആശുപത്രികളുടെ പ്രവർത്തനനഷ്ടം ഇല്ലാതാക്കുന്നതിന് ആധുനികവത്കരണം ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. കേപ്പിന്റെ (കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ) കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവായതിനാൽ അവ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സമിതി വളരെ ഗൗരവമായി കാണുന്നു. 2013 വരെ കേപ്പ് ലാഭത്തിലായിരുന്നുവെന്നും പ്രസ്തുത ലാഭം ഉപയോഗിച്ചാണ് കൊച്ചിൻ മെഡിക്കൽ കോളേജ് ആരംഭിച്ചതെന്നും ചർച്ചയിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു. **വ്യാപകമായി എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കപ്പെട്ടുകയും പഠിതാക്കൾ കുറയുകയും ചെയ്തതാണ് കേപ്പ് നഷ്ടത്തിലാകാൻ കാരണമെന്നും എഞ്ചിനീയറിംഗ് കോളേജുകളിൽ മറ്റു കോഴ്സുകൾ നടത്തിയാൽ അഫിലിയേഷൻ റദ്ദാക്കുമെന്ന AICTE നിബന്ധനയിൽ ഇപ്പോൾ മാറ്റം വരുത്തിയിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി, നിലവിൽ കൂടുതൽ ആവശ്യക്കാരുള്ള AICTE അംഗീകാരമുള്ള മറ്റു കോഴ്സുകൾ കേപ്പ് എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

25. സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനത്തിൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നടത്തുന്ന സേവനങ്ങൾ വിലയിരുത്തിയ സമിതി, പ്രസ്തുത സൊസൈറ്റികളുടെ പ്രവർത്തനം സഹകരണ വകുപ്പ് കൃത്യമായി നിരീക്ഷിക്കണമെന്നും ആയവ ഇടനിലക്കാരായി മാറാനുള്ള പ്രവണത നിരുത്സാഹപ്പെടുത്തണമെന്നും അഭിപ്രായപ്പെടുന്നു.

26. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് രൂപീകരിച്ചിട്ടുള്ള കേരള ബാങ്ക് മറ്റ് ദേശസാത്കൃത ബാങ്കുകളെപ്പോലെ നൽകുന്ന സേവനങ്ങൾക്ക് സർവ്വീസ് ചാർജ് ഈടാക്കുമോ എന്ന ആശങ്ക ജനങ്ങൾക്കുള്ളതായി സമിതി നിരീക്ഷിക്കുന്നു. **സഹകരണ ബാങ്കുകളിൽ ദേശസാത്കൃത ബാങ്കുകളുടെ മാതൃകയിലുള്ള ആധുനിക സേവനങ്ങൾ ഏർപ്പെടുത്തണമെന്നും അവയ്ക്ക് അമിതമായ സർവ്വീസ് ചാർജ്ജുകൾ ഈടാക്കരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.**

27. കാർഷിക പെൻഷനുകൾ ഒഴികെ സാമൂഹ്യസുരക്ഷാ പെൻഷനുകളാണ് നിലവിൽ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർ വഴി വിതരണം ചെയ്യുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. **പ്രസ്തുത പെൻഷൻ വിതരണ സംവിധാനത്തിൽ കാർഷിക പെൻഷൻ കൂടി ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

28. സഹകരണ മേഖലയിൽ പലപ്പോഴും തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് പോലും ദുഷ്പേര് ഉണ്ടാക്കുന്നുവെന്നും ഓഡിറ്റിംഗുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ നിലനിൽക്കുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. പലപ്പോഴും പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് തട്ടിപ്പുകൾ നടക്കുന്നതെന്നും സാധാരണ ഓഡിറ്റിലൂടെ ഇവ മനസ്സിലാക്കാൻ സാധിക്കുകയില്ലായെന്നും യഥാസമയം ആഡിറ്റ് ചെയ്യാതിരിക്കുന്നതും ജീവനക്കാരുടെ അഭാവവും വലിയൊരളവുവരെ തട്ടിപ്പിന് സാഹചര്യമൊരുക്കുന്നതായും സമിതി വിലയിരുത്തുന്നു. **പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ കഴിയുന്ന തരത്തിൽ ഒരു കോർ ബാങ്കിംഗ് സംവിധാനത്തിന്റെ എല്ലാ സുതാര്യതയും അക്കൗണ്ടബിലിറ്റിയുമുള്ള ഒരു സംവിധാനം സഹകരണ സംഘങ്ങൾക്ക് ഉണ്ടാകണമെന്നും പ്രസ്തുത സോഫ്റ്റ്‌വെയർ ആഡിറ്റ് വിഭാഗത്തിന്റെ സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യണമെന്നും ദൈനംദിന ഇടപാടുകൾ മുഴുവൻ പ്രസ്തുത പോർട്ടലിലൂടെ അംഗങ്ങൾക്കും സർക്കാരിനും കാണുവാനുള്ള സംവിധാനത്തോടു കൂടിയ സോഫ്റ്റ്‌വെയറാണ് ഉണ്ടാകേണ്ടതെന്നും അതിന് അനുബന്ധമായ നിബന്ധനകൾ നിയമത്തിലും ചട്ടത്തിലും കൊണ്ടുവരണമെന്നും അത്തരത്തിൽ ആഡിറ്റ് മാന്വൽ പരിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

29. നിലവിൽ ചില സഹകരണ ബാങ്കുകളിലെ സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രിയിൽ സൗകര്യാനുസരണം തിരുത്തലുകൾ വരുത്തുന്നതിനുള്ള സംവിധാനം ഉണ്ടെന്നുള്ളത് പല തട്ടിപ്പുകൾക്കും കാരണമാകുന്നുവെന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. **ആയത് തടയുന്നതിനായി ഇപ്രകാരം വരുത്തിയിട്ടുള്ള തിരുത്തലുകൾ ഉൾപ്പെടെ അറിയിക്കത്തക്കവിധമുള്ള വെരിഫിക്കേഷൻ സിസ്റ്റം കൂടി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

30. ഇ-ബാങ്കിംഗ് സംവിധാനം സഹകരണ ബാങ്കിംഗ് മേഖലയിൽ കാര്യക്ഷമമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. **ഇതിനായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗപ്പെടുത്തണമെന്നും ആവശ്യമെങ്കിൽ സേവനങ്ങൾ വീടുവീടാന്തരം എത്തിക്കുന്നതിന് ഡോർ ടു ഡോർ ഡെലിവറി സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

31. സഹകരണ ബാങ്കുകളിലെ എ.ടി.എം. കാർഡ് മുഖേനയുള്ള സാമ്പത്തിക ഇടപാടുകൾ സുരക്ഷിതമല്ലെന്ന പരാതികൾ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. **ആയത് തടയുന്നതിനായി ഇ.വി.എം. ചിപ്പ് ഘടിപ്പിച്ച എ.ടി.എം. കാർഡുകൾ ഉപയോക്താക്കൾക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32. കേരള ബാങ്കിന്റെ പ്രവർത്തന സോഫ്റ്റ്‌വെയർ ഉപഭോക്തൃ സൗഹൃദവും സുരക്ഷിതവുമാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. **കേരള ബാങ്ക് ഡിജിറ്റൈസേഷൻ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി കൂടി കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

33. എല്ലാ സഹകരണ ബാങ്കുകളുടെയും ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കുന്ന പദ്ധതിയായ 'കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം' നടപ്പിലാക്കുന്നത് ഓഡിറ്റിംഗ് കൂടുതൽ സുതാര്യമാക്കുമെന്ന് സമിതി വിലയിരുത്തുന്നു. സഹകരണ വകുപ്പിൽ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ കംപ്ട്രോളർ & ഓഡിറ്റർ ജനറലിന് കീഴിലെ ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കുന്നത് അഭികാമ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. **സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

34. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ട് / ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുണ്ടെങ്കിലും സഹകരണ സ്ഥാപനങ്ങൾ സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ല. **പൊതുജനങ്ങളുടെയും സർക്കാരിന്റെയും പണം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് നിയമസഭയോടുള്ള ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനായി അവയുടെ ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

35. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള നബാർഡ് ധനസഹായം, ദേശീയ സഹകരണ വികസന കോർപ്പറേഷൻ മുഖേനയുള്ള ധനസഹായം എന്നിവ ഉപയോഗിച്ച് പൂർത്തീകരിക്കുന്ന വിവിധ പദ്ധതികളായ സഹകരണ സംഘങ്ങളുടെ കാർഷിക വായ്പാ വിഭാഗത്തിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കൽ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ജില്ലകളിൽ നടപ്പാക്കുന്ന സംയോജിത വികസന പരിപാടി തുടങ്ങിയവ സമയബന്ധിതമായും കാര്യക്ഷമമായും പരിപാലിക്കപ്പെടുന്നുണ്ടെന്നും തുടർപ്രവർത്തനങ്ങൾ ഉണ്ടെന്നും ഉറപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

36. **വിവിധ സഹകരണ സ്ഥാപനങ്ങളിൽ ഒരു കോടിയിലധികം രൂപ ബാധ്യതയുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ പരിശോധിച്ച സമിതി പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

37. സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ വായ്പാ കുടിശ്ശിക വരുത്തുന്നവരിൽ നിന്നും തുക വീണ്ടെടുക്കാൻ സർഫാസി നിയമം ഉപയോഗിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നിയമപ്രകാരം കടക്കാരന് ബാധ്യത തീർക്കുന്നതിന് മതിയായ സാവകാശമോ തുടർനടപടികൾക്കായുള്ള അവസരമോ ലഭ്യമാകാതെ വരുന്നതായി സമിതി വിലയിരുത്തുന്നു. ആകസ്മിക ദുരന്തങ്ങൾ മൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരിൽ നിന്ന് വായ്പാതുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമ്പോൾ മാനുഷിക പരിഗണന കൂടി നൽകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

38. ഓഖിയും പ്രളയവും കോവിഡ് മഹാമാരിയും പിടിച്ചുലച്ച കേരളത്തിന് സഹകരണ മേഖല നൽകിയ പിന്തുണ വളരെ വലുതാണ്. സാഹചര്യങ്ങൾക്കനുസൃതമായി നയങ്ങൾ സൃഷ്ടിച്ച് സമയബന്ധിതമായി നടപ്പിലാക്കാനും നൂതന സാമ്പത്തിക പാക്കേജുകൾ സമയോചിതമായി ആവിഷ്കരിച്ച് നടപ്പിലാക്കാനും കഴിയുന്ന തരത്തിലുള്ള സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് വളരെയധികം ഊർജ്ജം പകരുമെന്നതിന് സംശയമില്ല.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

966/2022.

അനുബന്ധം

| Expenditure for the Financial Year | | | |
|---|---|---|---|
| | | | Amount in Lakh |
| | 2019-20 | 2020-21 | 2021-22 |
| Major Head 2425 | | | |
| Minor Head 001 | | | |
| Sub Head | | | |
| 99 | 1,152.65 | 999.92 | 1,591.85 |
| 98 | 8,405.98 | 7,347.63 | 11,518.42 |
| 97 | 91.57 | 78.19 | 104.93 |
| 89 | 226.91 | 207.30 | 323.93 |
| 88 | 14.32 | 15.34 | 14.46 |
| 85 | 0.12 | 30.90 | |
| Minor Head 003 | | | |
| Sub Head | | | |
| 98 | 409.19 | 336.77 | 569.57 |
| 97(31) | | 0.50 | 0.50 |
| 92(31) | | 1.89 | 1.89 |
| 89(31) | 45.99 | 198.00 | 149.08 |
| 88 | 20.91 | 27.80 | 20.12 |
| 86(36) | | 50.00 | 50.00 |
| Minor Head 101 | | | |
| Sub Head | | | |
| 99 | 11,656.02 | 9,971.74 | 15,548.11 |
| 98 | 202.08 | 121.09 | 32.71 |
| 96 | 102.72 | 84.61 | 109.64 |
| 95 | 55.31 | 48.84 | 65.91 |
| 93 | 34.59 | 31.38 | 32.58 |
| 92 | 141.61 | 97.03 | 180.17 |
| Minor Head 107 | | | |
| Sub Head | | | |
| 94 | 79.00 | 79.00 | |
| 93 | 2.04 | 600.00 | 480.00 |
| 80 | 1,088.99 | 1,042.69 | 1,024.14 |
| 74 | 17.00 | | 3.75 |
| 72(33) | 2.27 | 700.00 | 500.00 |
| 66 | | 85.74 | 0.96 |
| 65 | | | 3.00 |
| 64 | | | 100.00 |
| Minor Head 108 | | | |
| Sub Head | | | |

| | | | |
|---|---|---|---|
| 80(33) | 2,015.96 | 6,607.93 | 2,941.97 |
| 76 | 121.25 | 113.00 | 42.49 |
| 67 | 261.92 | 422.48 | 146.31 |
| 60 | 91.14 | 276.66 | 106.98 |
| 49 | 155.55 | 298.64 | 99.55 |
| 47(31) | 457.54 | 1,256.03 | 400.00 |
| 47(35) | 700.00 | 1,250.00 | 499.11 |
| 42 | 634.57 | 1,190.00 | 537.24 |
| 41 | 10.00 | 54.00 | 49.00 |
| 37 | 10.00 | 124.30 | 46.80 |
| 36 | 4.10 | 29.40 | 13.44 |
| 33 | 70.89 | 116.74 | 78.45 |
| 32 | | 100.00 | |
| 31 | 72.25 | 180.00 | 228.00 |
| 30 | | 355.00 | |
| Minor Head 800 | | | |
| Sub Head | | | |
| 93 | | 900.00 | 400.00 |
| **Total** | **28,354.44** | **35,430.54** | **38,015.06** |
| Major Head 4425 | | | |
| Minor Head 107 | | | |
| Sub Head | | | |
| 89 | 172.45 | 66.81 | 52.40 |
| 85 | 2,310.00 | | |
| 84 | | 100.00 | 20.00 |
| Minor Head 108 | | | |
| Sub Head | | | |
| 89 | 16.50 | | 11.25 |
| 71 | 1,251.68 | 1,364.00 | |
| 68 | 191.67 | 255.69 | 157.99 |
| 50 | 111.74 | 290.00 | 365.73 |
| 45 | 70.58 | 52.49 | 55.34 |
| 42 | 790.57 | 3,176.00 | 656.54 |
| 37 | 30.00 | 103.00 | 103.00 |
| 34 | 267.02 | 229.60 | 116.20 |
| 32 | | 46.00 | 48.20 |
| 30 | 4.90 | 35.91 | 16.66 |
| 29 | | | |
| 28 | 20.69 | 25.00 | 19.83 |
| 26 | 16.70 | 93.25 | 130.25 |

966/22

| | | | |
|---|---|---|---|
| 25 | | 100.00 | 100.00 |
| Total | 5,254.50 | 5,937.75 | 1,853.39 |
| Major Head 6425 | | | |
| Minor Head 107 | | | |
| Sub Head | | | |
| 72 | 273.70 | 36.48 | 15.40 |
| Minor Head 108 | | | |
| Sub Head | | | |
| 90 | | | 300.00 |
| 74 | 889.87 | 1,281.10 | |
| 28 | 20.20 | 150.00 | 149.13 |
| 22 | 41.18 | 49.60 | 48.30 |
| 19 | 1,514.15 | 4,496.25 | 1,242.19 |
| 13 | 20.00 | 108.00 | 98.00 |
| 11 | 55.14 | 245.00 | 74.02 |
| 10 | 1,830.64 | 2,363.00 | 1,992.12 |
| 9 | 6.00 | 43.10 | 20.00 |
| 7 | 20.69 | 25.00 | 19.83 |
| Total | 4,671.57 | 8,797.53 | 3,958.99 |

**Department: Co-operation**

**Details of Income from 2019-20 to 2021-22**

(₹ in Lakhs)

| Head of account | Collection | | |
|---|---|---|---|
| | 2019-20 | 2020-21 | 2021-22 |
| MH 0425 | | | |
| Minor head 101 | | | |
| Sub head 99 | 1,426.40 | 1,209.03 | 1,452.39 |
| Minor head 800 | | | |
| Sub head | | | |
| 98 | 4,415.50 | 2,180.15 | 4,558.86 |
| 97 | 5.29 | 1.77 | 2.00 |
| 96 | 11,199.99 | 10,062.06 | 15,107.89 |
| 95 | 15.67 | 6.37 | 6.39 |
| 94 | 20.99 | 14.80 | 11.79 |
| 93 | 1,377.09 | 1,009.68 | 1,384.52 |
| Minor head 501 | | | |
| Sub head 99 | 17.98 | 13.24 | 16.69 |
| TOTAL | 18,478.91 | 14,497.10 | 22,540.53 |

Rajesh

**[illegible]**
**Special Secretary to Govt.**
**Co-operation Dept.**
**Govt. Secretariat**
**Thiruvananthapuram.**